പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3074 — 20.12.2012 ൽ - മറുപടിക്ക്

## റേഷൻ വിതരണം കാര്യക്ഷമമാക്കാൻ സംവിധാനം

**ചോദ്യം**

ശ്രീ. വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനത്തിന് **(FMPDS – Foodgrains Movement for effective Public Distribution System)** തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 14.12.2012 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ അംഗീകൃത റേഷൻ മൊത്ത / ചില്ലറ വ്യാപാരികൾ വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഇനം, അളവ്, മൊത്ത / ചില്ലറ വ്യാപാരിയുടെ നമ്പർ, ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്ന സമയം, തീയതി, ട്രക്ക് നമ്പർ എന്നിവ എസ്.എം.എസ്. ആയി ഓരോ പൗരനും ലഭിക്കുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

(ബി) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാൻ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാകും എന്നാണ് ലക്ഷ്യമിടുന്നത് ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതു വിതരണ സമ്പ്രദായം കൂടുതൽ സുതാര്യമാവുകയാണ്. അതുകൊണ്ട് തന്നെ കരിഞ്ചന്തയും,പൂഴ്ത്തിവയ്പ്പും ഫലപ്രദമായി തടയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ സംവിധാനം വഴി ഉപഭോക്താവിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ അംഗീകൃത റേഷൻമൊത്ത/ചില്ലറ വ്യാപാരികൾ വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഇനം, അളവ്, മൊത്ത/ചില്ലറ വ്യാപാരിയുടെ നമ്പർ, ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്ന സമയം/തീയതി, ട്രക്ക് നമ്പർ എന്നീ വിവരങ്ങൾ എസ്.എം.എസ്. ആയി രജിസ്റ്റർ ചെയ്യുന്ന മൊബൈലിൽ ലഭിക്കുന്നു. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ **(http://www.civilsupplieskerala.gov.in)** ലഭ്യമാണ്.

(ഡി) വിവരങ്ങൾ കൃത്യമായി അറിയിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ?

(ഡി) വിവരങ്ങൾ കൃത്യമായി പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ഭരണതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ